LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടി

14 (14) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതല്ലാത്ത എത്ര കേസുകൾ തീർപ്പാക്കിയെന്ന് അറിയിക്കുമോ; ഇപ്രകാരമുള്ള കേസുകളിൽ മുമ്പ് ഒരിക്കലും സർക്കാരിന്റെ പരിഗണനയിൽ വരാത്തവ എത്രയായിരുന്നു; ഏതെല്ലാം ഇനങ്ങളിൽപ്പെട്ട കേസ്സുകളാണ് ഇപ്രകാരം തീർപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി സർക്കാർ ഓഫീസുകളിൽ പരിഹരിക്കപ്പെടാത്ത എത്ര കേസ്സുകൾ ആലപ്പുഴ ജില്ലയിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കപ്പെട്ടുവെന്ന് അറിയിക്കുമോ; ഇത്തരം കേസുകൾ പരിഹരിക്കുവാൻ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുവാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ എങ്ങനെയാണ് അപ്രകാരമുള്ള കേസുകൾ പരിഹരിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതല്ലാത്ത 7,604 കേസുകൾ തീർപ്പാക്കി.

(ബി) വർഷങ്ങളായി സർക്കാർ ഓഫീസുകളിൽ പരിഹരിക്കപ്പെടാത്ത എത്ര കേസ്സുകൾ ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കപ്പെട്ടുവെന്ന വിവരം ലഭ്യമല്ല. ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മന്ത്രി ഓഫീസുകളിലെ വാഹന വിനിയോഗം

15(15) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മന്ത്രിമാർക്കും അവരുടെ ആഫീസിനുംവേണ്ടി സർക്കാർ അനുവദിച്ച വാഹനങ്ങളെ സംബന്ധിച്ചും അത് സംബന്ധമായ വ്യവസ്ഥകളും വിശദമാക്കാമോ ;

(ബി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ചില മന്ത്രിമാരും ആഫീസും അവരുടെ വകുപ്പിൻകീഴിലുള്ള സ്ഥാപനങ്ങളുടെ വാഹനം ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;